**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5745** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ കലാകാരന്മാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ദെലീമ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയവയുടെ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കി വരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതിയും സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ വിഭാഗം കലാകാരന്മാർക്കും ക്ഷേമനിധി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഇത്തരം പദ്ധതികളിലൂടെ സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.എഫ്.ഡി.സി.ക്ക് ഗ്രാമപ്രദേശങ്ങളിൽ തീയേറ്റർ ശൃംഖല സ്ഥാപിക്കാൻ പദ്ധതിയുണ്ടോ? | (ബി) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിക്കുന്ന, തിയേറ്ററിനു അനുയോജ്യമെന്നു കണ്ടെത്തുന്ന സ്ഥലങ്ങളിൽ, തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ